**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2059 | 08.03.2018-ലെ മറുപടിയ്ക്ക്

## കായിക മേഖലയുടെ വികസനത്തിനായി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി.സി.കെ.ആശ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കായിക മേഖലയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**1) പ്ലേ ഫോർ ഹെൽത്ത്.**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.<br><br>**2) ഫുട്ബോൾ പരിശീലന പദ്ധതി**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തി എടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.<br>**3) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**<br>2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത് ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ് ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി." ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം, എന്നീ പദ്ധതികളും കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു. |
| (ബി) | ഉന്നത നിലവാരമുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കുമോ ; | (ബി) | 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനു കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി 8 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 3 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 3 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോക് ഗണപതി എന്നീ |

സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് കോട്ടായി എച്ച്.എസ്.എസ്. ഗ്രൗണ്ട്, കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ട് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ കായിക അടിസ്ഥാന സൗകര്യ നിർമ്മാണത്തിനായി 10 കോടി രൂപയും, തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ് സ്റ്റേഡിയം നവീകരണത്തിനായി 5 കോടി തൊണ്ണൂറ്റിയെട്ടായിരം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിയുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി Natural Turf Football Field of International Standards with Sprinkler facilities, Two storied football training centre, Change Room എന്നിവ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക

| | | | |
|---|---|---|---|
| | | | സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നീക്കമുണ്ടോ;വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. 2016-17, 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരമുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണമടക്കം. ഈ വകുപ്പിലെ കായികാടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും ഓപ്പറേഷൻ & മെയിന്റനൻസ് മാനേജ്മെന്റിനുമായി ഈ വകുപ്പിനു കിഴീൽ പുതുതായി ഒരു എസ്.പി.വി രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. നിലവിൽ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയി കിറ്റ്കോ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**